## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 187** — **02.03.2020-ൽ മറുപടിയ്ക്ക്**

### ആരോഗ്യമേഖലയുടെ ആധുനിക വൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**,, പി. ഉണ്ണി** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| **എ)** അതിവ്യാപനശേഷിയുള്ള കൊവിഡ്-19 എന്ന മാരക വൈറസ് രോഗത്തെ പ്രശംസനീയമാംവിധം നിയന്ത്രണ വിധേയമാക്കിയതുവഴി സംസ്ഥാനത്തെ ആരോഗ്യ-മേഖലയുടെ കരുത്തു തെളിയിച്ച നേട്ടം സുസ്ഥിരമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | **എ)** നിപ, കോവിഡ് -19 മുതലായ പുതിയ ഇനം രോഗബാധ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ രോഗനിരീക്ഷണവും മറ്റ് നിയന്ത്രണ മാർഗ്ഗങ്ങളും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ആശുപത്രികളിൽ അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കുന്നുണ്ട്. ഇതിനാവശ്യമായ പരിശീലന പ്രവർത്തനങ്ങളും സാധന സാമഗ്രികളും യഥാസമയം ലഭ്യമാക്കുന്നുണ്ട്. രോഗം വരാതിരിക്കുവാനുള്ള പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റി വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അവബോധം നൽകി വരുന്നുണ്ട്. IDSP സംവിധാനം വഴി രോഗനിരീക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനതലം മുതൽ വിവിധ തലങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് കോഴിക്കോട്ടും, തിരുവനന്തപുരത്തും തൃശ്ശൂരും ഉള്ള വൈറൽ ഡയഗ്നോസ്റ്റിക് ലാബുകൾ, ജില്ലാ തല പബ്ലിക് ഹെൽത്ത് ലാബുകൾ, മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകൾ എന്നിവിടങ്ങളിൽ പകർച്ചവ്യാധി നിർണ്ണയത്തിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ നിപ, കൊറോണ പോലെയുള്ള പുതിയതരം വൈറസുകൾ പരിശോധിക്കാൻ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ യൂണിറ്റിൽ സൗകര്യമുണ്ട്. പകർച്ചവ്യാധി പ്രതിരോധ |

നിയന്ത്രണത്തിനായി ആരോഗ്യജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളേയും ഏജൻസികളേയും പൊതുജനങ്ങളേയും ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളായ ഭക്ഷ്യ ശുചിത്വം, കുടിവെള്ള ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വാർഡുതല ശുചിത്വ സമിതിക്കാരുടെ നേതൃത്വത്തിൽ ആരോഗ്യസേനാംഗങ്ങൾ നടപ്പിലാക്കുന്നത്. ഈ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യവകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പ് തലവൻമാരുടെയും ഉന്നതതല യോഗം കൂടുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്തു ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളെ ഉൾപ്പെടുത്തി അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | കേരളീയ സമൂഹം ആഗോളവൽകൃതമായ സാഹചര്യത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊട്ടിപ്പുറപ്പെടുന്ന വിവിധ വൈറസ് രോഗങ്ങളെ പ്രാരംഭ ദിശയിൽ തിരിച്ചറിഞ്ഞ് നിയന്ത്രണ വിധേയമാക്കുന്നതിന് ആവശ്യമായ അത്യാധുനിക വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | ബി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| സി) | സംസ്ഥാനത്തെ ത്രിതലങ്ങളിലുമുള്ള ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | സി) | ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും നൂതന ആരോഗ്യ പരിപാടികൾക്ക് രൂപം നൽകിയും, ആർദ്രം മിഷന്റെ ഭാഗമായും, പ്ലാൻ ഫണ്ടും വിവിധ പദ്ധതികളും ഉപയോഗിച്ചും തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നത്.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫണ്ട്, എം.എൽ.എ / എം.പി ഫണ്ട് മുതലായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർ പ്ലാനിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്നത്. എം.ആർ.ഐ, സി.റ്റി സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. 17 ജില്ലാതല ആശുപത്രികളിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ മൂന്ന് സ്ഥാപനങ്ങളിൽ ഒഴികെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ-പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. 8 താലൂക്കാശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. മെറ്റേർണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്ക് തല ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 152 ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീ സൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രി / ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൂടാതെ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തി വരുന്നു. ഒരു കുടുംബത്തിലെ എല്ലാവർക്കും സമഗ്ര

പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കവാൻ കഴിയുന്ന രീതിയിൽ ആർദ്രം മിഷന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് പുറമെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 107 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നടന്നു വരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൃഷ്ടിച്ച 3159 തസ്തിക അടക്കം ആകെ 5249 തസ്തികകൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. തെരഞ്ഞെടുത്ത സാമൂഹികാരോഗ്യകേന്ദ്രം മുതൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ ദന്തൽ വിഭാഗം പ്രവർത്തിച്ച് ആധുനിക ചികിത്സ സാധാരണക്കാരായ രോഗികൾക്ക് നൽകി വരുന്നു. കണ്ടിന്യൂസ് ആമ്പുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ് (CAPD) സൗകര്യം തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ഓരോ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. മരുന്നുകളുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉറപ്പാക്കുന്നു.

**സെക്ഷൻ ഓഫീസർ**